**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 157** **05-02-2026 - ൽ മറുപടിയ്ക്ക്**

**കേരള സംസ്ഥാന വനിത വികസന കോർപ്പറേഷൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. ഐ. ബി. സതീഷ്,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. പി. ടി. എ. റഹീം | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാന വനിത വികസന കോർപ്പറേഷൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വനിതാ വികസന കോർപ്പറേഷൻ നടത്തി വരുന്ന വിവിധ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>1. സ്വയം തൊഴിൽ വായ്പകൾ<br>2. ആർത്തവ ശുചിത്വ പരിപാലന പദ്ധതി<br>ഷീ പാഡ് പദ്ധതി<br>M-Cup പദ്ധതി<br>3. സേഫ് സ്റ്റേ<br>4. 181 വിമൻ ഹെൽപ് ലൈൻ<br>5. ആദിവാസി വനിതാ വികസന പദ്ധതി-വനമിത്ര<br>6. വനിതാ മിത്ര കേന്ദ്രം -വർക്കിംഗ് വിമൻസ് ഹോസ്റ്റൽ<br>7.പ്രൊഫഷണൽ ഗ്രൂമിംഗ് അക്കാഡമി ഫോർ വിമൻ - REACH<br>8. NSDC കോഴ്സുകൾ<br>9.മറ്റ് പരിശീലന പരിപാടികൾ<br>10. ASEP - N - നഴ്സുമാർക്കുള്ള തൊഴിലധിഷ്ഠിത നൈപുണ്യ വികസന പദ്ധതി<br>11. Introductory English Training Programme (IETP)<br>12. ലീഡ് (Learn, Empower, Achieve, Develop) |

| | | | |
|---|---|---|---|
| | | | 13. ട്രാൻസ്ജെണ്ടർ വ്യക്തികൾക്കുള്ള വായ്പാ പദ്ധതി<br><br>14.വനിതകൾക്ക് വേണ്ടിയുള്ള സംരംഭകത്വ വികസന പരിശീലന പരിപാടി<br><br>15. പ്രോജക്ട് കൺസൾട്ടൻസി വിംഗ്<br><br>16. ഫ്യൂച്ചർ വിമൻ ലീഡേഴ്സ് (ഗ്രൂമിംഗ് പ്രോഗ്രാം)<br><br>17. ലിംഗാവബോധ പരിപാടികൾ<br>• ബോധ്യം-പോലീസ് ഉദ്യോഗസ്ഥർക്കുള്ള ലിംഗാവബോധ പരിശീലന പരിപാടി<br>• കോളേജുകളിൽ വിമൻ സെൽ<br><br>18. എസ്കലേറ എക്സ്പോ<br><br>19. സി.എസ്.ആർ. പ്രവർത്തനങ്ങൾ<br>• എക്സ്റേ റൂം (പത്തനംതിട്ട ജനറൽ ആശുപത്രി)<br>• എക്സ്റേ റൂം (പീരുമേട് താലൂക്ക് ആശുപത്രി, ഇടുക്കി) |
| (ബി) | 2016 വരെ 140 കോടി രൂപയുടെ സർക്കാർ ഗ്യാരന്റി മാത്രം ലഭിച്ചിരുന്ന വനിത വികസന കോർപ്പറേഷന് 2016 മുതൽ 2025 വരെയുള്ള കാലയളവിൽ 1455.56 കോടി രൂപയുടെ അധിക ഗ്യാരന്റി അനുവദിക്കുന്നതിനായി എന്തെല്ലാം ഇടപെടലുകളാണ് നടത്തിയതെന്ന് വ്യക്തമാക്കാമോ; | (ബി) | (ബി)വനിതാ വികസന കോർപ്പറേഷന്റെ വായ്പാ വിതരണ പ്രവർത്തനങ്ങളിൽ ഉയർച്ച ഉണ്ടായതിനാൽ 2016-17 കാലയളവ് മുതൽ ദേശീയ കോർപ്പറേഷനുകളിൽ നിന്നും കൂടുതൽ തുക വായ്പാ വിതരണത്തിനായി അനുവദിക്കുകയുണ്ടായി. ടി തുക ലഭിക്കുന്നതിനാവശ്യമായ അധിക ഗ്യാരന്റി ലഭിക്കുന്നതിനായി സർക്കാരിനെ സമീപിക്കുകയും 1455.56 കോടി രൂപ അധിക ഗ്യാരന്റി അനുവദിക്കുകയുമുണ്ടായി. അധിക സർക്കാർ ഗ്യാരന്റി ലഭിച്ചതിലൂടെ 2016-17 കാലയളവിൽ 36 കോടിയായിരുന്ന വാർഷിക വായ്പാ വിതരണം 2025-26 കാലയളവിൽ 340 കോടിയായി ഉയർത്താൻ സാധിച്ചു. ഈ കാലയളവിൽ സംസ്ഥാനത്തെ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന 150000 ഓളം വനിതകൾക്ക് 1850 കോടി രൂപയുടെ വായ്പാ വിതരണം നടത്താൻ വനിതാ വികസന കോർപ്പറേഷന് സാധിച്ചു. |
| (സി) | ദേശീയ ന്യൂനപക്ഷവികസന ധനകാര്യ കോർപ്പറേഷൻ, ദേശീയ സഫായി കരംചാരീസ് ധനകാര്യ കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നും എത്ര തുകയുടെ വായ്പയാണ് അനുവദിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (സി) | (സി) 2016 മുതൽ 2025 വരെയുള്ള കാലയളവിൽ കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന് ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ നിന്നും 809.37 കോടി രൂപയും ദേശീയ സഫായി കരംചാരീസ് ധനകാര്യ |

| | | | |
|---|---|---|---|
| | | | കോർപ്പറേഷനിൽ നിന്നും 252.75 കോടി രൂപയുമാണ് വായ്പയായി അനുവദിച്ചിട്ടുള്ളത്. |
| (ഡി) | പ്രസ്തുത തുക ഏതെല്ലാം വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾക്കായി വിനിയോഗിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (ഡി) | (ഡി)ദേശീയ ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷനിൽ നിന്നും ലഭ്യമാകുന്ന തുക സംസ്ഥാനത്തെ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് സ്വയം തൊഴിൽ, വിദ്യാഭ്യാസ, ലഘു വായ്പകളായി നൽകി വരുന്നുണ്ട്. ദേശീയ സഫായി കരംചാരീസ് കോർപ്പറേഷനിൽ നിന്നും ലഭിക്കുന്ന തുക സംസ്ഥാനത്തെ ഹരിത കർമ്മ സേനകൾക്കും, ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കും അവരുടെ ആശ്രിതർക്കും ലഘു വായ്പകളായി നൽകി വരുന്നു.<br><br>കൂടാതെ ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ ഫണ്ട് ഉപയോഗിച്ച് പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷന്റെ ഫണ്ട് ഉപയോഗിച്ച് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കും ദേശീയ പട്ടികവർഗ്ഗ ധനകാര്യ വികസന കോർപ്പറേഷന്റെ ഫണ്ട് ഉപയോഗിച്ച് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുമുള്ള വായ്പകളും വനിതാ വികസന കോർപ്പറേഷൻ വിതരണം ചെയ്ത് വരുന്നുണ്ട്. |
| (ഇ) | 2016 മുതൽ 2025 വരെയുള്ള കാലയളവിൽ കോർപ്പറേഷന് എന്തെല്ലാം പദ്ധതികളിലൂടെ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ; | (ഇ) | (ഇ) 1,49,185 വനിതാ സ്വയം തൊഴിൽ സംരംഭങ്ങൾക്ക് വേണ്ടി 1850 കോടി രൂപയുടെ വായ്പ നൽകി. ഇവയിലൂടെ ആകെ സൃഷ്ടിച്ച തൊഴിലവസരങ്ങൾ - 3,72,962. |
| (എഫ്) | പ്രസ്തുത കോർപ്പറേഷന് കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ എന്തെല്ലാം അംഗീകാരങ്ങൾ നേടാൻ കഴിഞ്ഞിട്ടുണ്ട്; വ്യക്തമാക്കാമോ? | (എഫ്) | (എഫ്) വനിതാ വികസന കോർപ്പറേഷന് കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ നേടാൻ കഴിഞ്ഞ അംഗീകാരങ്ങൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1)സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ വിവിധ ഘടകങ്ങളുടെയും പ്രവർത്തന മികവിന്റെയും അടിസ്ഥാനത്തിൽ വർഗ്ഗീകരണം നടത്തിയതിൻ പ്രകാരം വനിതാ വികസന കോർപ്പറേഷൻ Category D (Bronze) ൽ നിന്ന് category C (Silver) യിലേക്ക് ഉയർന്നു.<br><br>2) 2019 മുതലുള്ള കോർപ്പറേഷന്റെ പ്രവർത്തന മികവ് കണക്കിലെടുത്ത് ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ ദക്ഷിണേന്ത്യയിലെ മികച്ച സംസ്ഥാന ചാനലൈസിംഗ് ഏജൻസിക്കുള്ള ഒന്നാം സ്ഥാനം തുടർച്ചയായി 2023-24, 2024-25 എന്നീ |

| | | | |
|---|---|---|---|
| | | | വർഷങ്ങളിൽ കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ കരസ്ഥമാക്കി.<br><br>3)സംസ്ഥാന ചാനലൈസിങ്ങ് ഏജൻസികളിൽ ഏറ്റവും നല്ല പ്രവർത്തനം കാഴ്ച്ച വെച്ചതിന് എൻ.എസ്.എഫ് ഡി.സി (NSFDC) യുടെ 2017-18, 2018-19, 2019-20, 2020-21, 2021-22 എന്നിങ്ങനെ തുടർച്ചയായി 5 വർഷങ്ങളിലെ പെർഫോമൻസ് എക്സലൻസ് ദേശീയ പുരസ്കാരം, കാഷ് ഇൻസന്റീവ് നേടി.<br><br>4)2018-19, 2019-20, 2020-21, 2021-22 തുടർച്ചയായി നാല് വർഷങ്ങളിൽ വനിതാ ശാക്തീകരണത്തിൽ മികച്ച പ്രവർത്തനം കാഴ്ച്ച വച്ചതിനുള്ള ദേശീയ പുരസ്കാരം എൻ.ബി.സി.എഫ്.ഡി.സി (NBCFDC) യിൽ നിന്നും ലഭിച്ചു.<br><br>5)സ്ഥാപനത്തിന്റെ ആദിവാസി ശാക്തീകരണ പദ്ധതിക്ക്-വനമിത്ര തൊഴിൽ കേന്ദ്രത്തിന് ആസാദി കീ അമൃത മഹോത്സവിന്റെ ഭാഗമായി ദേശീയ അംഗീകാരം ലഭിച്ചു.<br><br>6)ട്രൈബൽ നേതാവായ ഭഗവാൻ ബിർസ മുണ്ടയുടെ 150-ാമത് ജന്മദിനത്തോടനുബന്ധിച്ച് 2024 നവംബർ മാസം തമിഴ്നാട്ടിലെ കോയമ്പത്തൂരിൽ വച്ച് NSTFDC സംഘടിപ്പിച്ച ജൻജാതീയ് ഗൗരവ് ദിവസ് ആഘോഷങ്ങളുടെ ഭാഗമായി കോർപ്പറേഷന്റെ രണ്ട് ട്രൈബൽ വനിതാ വായ്പാ ഗുണഭോക്താക്കളെ ആദരിക്കുകയുണ്ടായി.<br><br>7)2023 ഫെബ്രുവരി മാസം ഹരിയാനയിൽ NBCFDC സംഘടിപ്പിച്ച പ്രസിദ്ധമായ അന്താരാഷ്ട്ര സൂരജ്കുണ്ട് മേളയിൽ വ്യത്യസ്തമായവയിൽ മികച്ച സ്റ്റാളിനുള്ള അവാർഡ് വനിതാ വികസന കോർപ്പറേഷന്റെ സംരംഭകയായ ശ്രീമതി. ബിദുല പി.ബി. (ക്ലേ മോൾഡിംഗ്) കരസ്ഥമാക്കി.<br><br>8)NSTFDC സംഘടിപ്പിച്ച പി.എം. ആദി മഹോത്സവ് 2023 ൽ തിരുവനന്തപുരം മേഖലയിൽ നിന്നുള്ള കോർപ്പറേഷൻ സംരംഭകരായ ആദിവാസി സ്വയം സഹായ സംഘം വനിതകൾ മികച്ച സംരംഭകത്വത്തിനുള്ള അവാർഡ് കരസ്ഥമാക്കി.<br><br>9)2026 റിപ്പബ്ലിക് ദിനാഘോഷ പരിപാടിയിൽ NMDFC യുടെ ക്ഷണ പ്രകാരം 9 ന്യൂനപക്ഷ വിഭാഗത്തിലെ വനിതാ ഗുണഭോക്താക്കൾക്കും |

| | | | |
|---|---|---|---|
| | | | അവരുടെ ഓരോ കുടുംബാഗങ്ങൾക്കും അവസരം നല്കി. കൂടാതെ NSTFDC യിൽ നിന്നുള്ള പ്രത്യേക ക്ഷണ പ്രകാരം, ഡൽഹിയിൽ വച്ച് നടന്ന എഴുപത്തിയാറാമത് (2025) റിപ്പബ്ലിക്, സ്വാതന്ത്ര്യ ദിനാഘോഷ പരിപാടികളിൽ പങ്കെടുക്കുന്നതിനായി വനിതാ വികസന കോർപ്പറേഷന്റെ 12 പട്ടികവർഗ്ഗ വായ്പാ ഗുണഭോക്താക്കൾക്ക് അവസരം ലഭിച്ചു. |

സെക്ഷൻ ഓഫീസർ